ക്ഷീരവികസന വകുപ്പ്
ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

നം. DDDKER/4034/2024-C1

തീയതി:09-12-2024

## സർക്കുലർ നം.55/2024

വിഷയം:- ക്ഷീര വികസന വകുപ്പ് – ഡയറക്ടറേറ്റ് – കേരള ക്ഷീര സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്തതുമായ ക്ഷീര സഹകരണ സംഘങ്ങളുടെ 2025 – കലണ്ടർ വർഷത്തെ അവധികളുടെ വിവരം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

കേരള ക്ഷീര സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പടാത്തതുമായ ക്ഷീര സഹകരണ സംഘങ്ങളുടെ 2025 കലണ്ടർ വർഷത്തെ അവധികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2025 കലണ്ടർ വർഷത്തെ എല്ലാ ഞായറാഴ്ചകളും അതോടൊപ്പം ചുവടെ പറയുന്ന തീയതികളും അവധിയായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1 | ജനുവരി | 02 | മന്നം ജയന്തി |
| 2 | ജനുവരി | 26 | റിപ്പബ്ലിക് ദിനം (ഞായറാഴ്ച) |
| 3 | ഫെബ്രുവരി | 26 | മഹാ ശിവരാത്രി |
| 4 | മാർച്ച് | 31 | റംസാൻ |
| 5 | ഏപ്രിൽ | 14 | വിഷു/അംബേദ്കർ ജയന്തി |
| 6 | ഏപ്രിൽ | 18 | ദുഖ:വെള്ളി |

| | | | |
|---|---|---|---|
| 7 | ഏപ്രിൽ | 20 | ഈസ്റ്റർ (ഞായറാഴ്ച) |
| 8 | മെയ് | 01 | മെയ്ദിനം |
| 9 | ജൂൺ | 06 | ബക്രീദ് |
| 10 | ജൂലൈ | 06 | മുഹറം (ഞായറാഴ്ച) |
| 11 | ജൂലൈ | 24 | കർക്കിടക വാവ് |
| 12 | ആഗസ്റ്റ് | 15 | സ്വാതന്ത്ര്യ ദിനം |
| 13 | ആഗസ്റ്റ് | 28 | അയ്യൻകാളി ജയന്തി |
| 14 | സെപ്റ്റംബർ | 04 | ഒന്നാം ഓണം |
| 15 | സെപ്റ്റംബർ | 05 | തിരുവോണം /നബിദിനം |
| 16 | സെപ്റ്റംബർ | 07 | ശ്രീനാരായണ ഗുരു ജയന്തി (ഞായറാഴ്ച) |
| 17 | സെപ്റ്റംബർ | 21 | ശ്രീനാരായണ ഗുരു സമാധി (ഞായറാഴ്ച) |
| 18 | സെപ്റ്റംബർ | 14 | ശ്രീകൃഷ്ണ ജയന്തി (ഞായറാഴ്ച) |
| 19 | ഒക്ടോബർ | 01 | മഹാനവമി |
| 20 | ഒക്ടോബർ | 02 | വിജയദശമി /ഗാന്ധി ജയന്തി |
| 21 | ഒക്ടോബർ | 20 | ദീപാവലി |
| 22 | ഡിസംബർ | 25 | ക്രിസ്തുമസ് |

റിപ്പബ്ലിക് ദിനം, ഈസ്റ്റർ, മുഹറം, ശ്രീനാരായണ ഗുരു ജയന്തി, ശ്രീനാരായണ ഗുരു സമാധി, ശ്രീകൃഷ്ണ ജയന്തി എന്നീ പൊതു ഒഴിവുദിനങ്ങൾ ഞായറാഴ്ചയാണ് വരുന്നത്. ഞായറാഴ്ച പ്രവൃത്തി ദിവസമായിട്ടുള്ള ജീവനക്കാർക്ക് മറ്റൊരു ദിവസം അവധി വിനിയോഗിക്കാവുന്നതാണ്.

2025 വർഷത്തെ കലണ്ടർ പ്രകാരം സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുള്ള അവധി ദിവസങ്ങളിൽ ഈ സർക്കുലർ നിർദ്ദേശത്തിലെ ഏതെങ്കിലും അവധി ദിനത്തിൽ മാറ്റം വരുകയാണെങ്കിൽ പ്രസ്തുത മാറ്റം ഈ അവധി കലണ്ടറിനും ബാധകമായിരിക്കുന്നതാണ്. പ്രാദേശികമായി ജില്ലാ ഭരണാധികാരികൾ പ്രഖ്യാപിക്കുന്ന അവധികളിന്മേൽ സംഘം ഭരണസമിതിയ്ക്ക് പാൽ സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തവിധം ജീവനക്കാർക്ക് അവധി

അനുവദിയ്ക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

തുടർച്ചയായി ജോലിയിൽ തുടരുന്ന സംഘം ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം ഭരണസമിതി അവധി അനുവദിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ മാത്രമേ അവധി ദിവസം ജീവനക്കാർ ജോലിയിൽ ഹാജരാകുവാൻ പാടുള്ളു. ഭരണസമിതി ആയത് ഉറപ്പ് വരുത്തേണ്ടതാണ്. അവധി ദിവസം ജോലി നിർവ്വഹിക്കേണ്ടി വരുന്ന പാൽ സംഭരണം, പരിശോധന, വിതരണം എന്നിവയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് അവധി വേതനം നൽകാവുന്നതും, ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ സംഘം പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഭരണസമിതി നിയമാനുസരണം ചെയ്യേണ്ടതുമാണ്. അവധി വേതനം അനുവദിക്കുന്നപക്ഷം ആയത് അതാതു മാസം തന്നെ നൽകേണ്ടതാണ് .

Signed by
Salini Gopinath
Date: 09-12-2024 17:14:20

ഡയറക്ടർ/
ക്ഷീര സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക്
(അതാത് ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
2) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും
4) ഡയറക്ടറുടെ മേശപ്പുറത്ത് (അറിവിലേക്കായി)
5) ജോയിന്റ് ഡയറക്ടർ (ജനറൽ)
6) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
7) ഐ.റ്റി.(സെൽ) വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8) ഇ3 -സീറ്റിന്